# Kerala University of Fisheries and Ocean Studies (KUFOS)

**P.O. Panangad, Cochin-682 506**

**www.kufos.ac.in**


**Date: 01/02/2021**

പ്രസിദ്ധീകരണത്തിന്*

ഭാരത സർക്കാരിന്റെ ഉന്നത കാർഷിക വിദ്യാഭ്യാസ ശാക്തീകരണ പദ്ധതിയുടെ ഭാഗമായി ഇന്ത്യൻ കൌൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച്നല്കുന്ന പട്ടിക ജാതി ഉപ പദ്ധതി ചരിത്രത്തിലാദ്യമായി കുഫോസിനു ലഭിച്ചു. 30 ലക്ഷം രൂപയാണ് ആദ്യ വർഷത്തെ അടങ്കൽ തുക. പദ്ധതി നിർവഹണത്തിന്റെ പുരോഗതിക്കനുസരിച്ചു വരുംവർഷങ്ങളിൽ കൂടുതൽ തുക ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പട്ടികജാതി വിഭാഗത്തിൽ പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കാർഷിക/ഫിഷറീസ്/അനുബന്ധ മേഖലകളിൽ തൊഴിൽ നൈപുണ്യം നേടാനുള്ള പരിശീലനം നൽകുന്നതിലേക്കായി ഒരു ട്രെയിനിങ് സെന്റർ കുഫോസിൽ ആരംഭിക്കുന്നതിനാണു 15 ലക്ഷം രൂപ. അത് കൂടാതെ ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ട്യൂഷൻ- 2 ലക്ഷം, പുസ്തകങ്ങൾക്കായി- 5 ലക്ഷം, സ്വയം തൊഴിൽ തുടങ്ങുന്നതിലേക്കുള്ള അവശ്യ വസ്തുക്കൾ നൽകുന്നതിലേക്കായി- 3 ലക്ഷം, സംരംഭക പരിശീലനത്തിനായി 3.5 ലക്ഷം, സ്വയം തൊഴിൽ പരിശീലനത്തിനായി 1.5 ലക്ഷം എന്നിങ്ങനെയാണ് തുകകൾ വകയിരുത്തിയിരിക്കുന്നത്.

കാർഷിക കൗൺസിൽ വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന ഈ തുകയുടെ പ്രധാന ഭാഗവും പട്ടികജാതിക്കാരുടെ സ്വയം തൊഴിൽ കണ്ടെത്താനുള്ള ശ്രമങ്ങൾക്കായി വിനിയോഗിക്കുമെന്ന് വൈസ് ചാൻസലർ ഡോ. റിജി ജോൺ അറിയിച്ചു. പദ്ധതിയുടെ ഉൽഘാടനം ഫിഷറീസ് ഹാർബർ എഞ്ചിനീയറിംഗ് കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രി ശ്രീമതി. ജെ. മേഴ്സി കുട്ടി അമ്മ ജനുവരി 28നു നിർവഹിച്ചു. പദ്ധതിയുടെ ഭാഗമാകാൻ താല്പര്യമുള്ള പട്ടികജാതിയിൽ പെട്ട ഗുണഭോക്താക്കൾ ഫെബ്രുവരി 10 നു മുമ്പായി തങ്ങളുടെ അപേക്ഷകൾ " ഡോ. കെ. ദിനേശ്, ജലകൃഷി വിഭാഗം മേധാവി, കുഫോസ്, പനങ്ങാട് P. O., കൊച്ചി-682506" എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. പലതരം പരിശീലനങ്ങൾ ആവശ്യമായ പട്ടികജാതിയിൽ പെട്ട വിദ്യാർത്ഥികൾ ക്കും തങ്ങൾക്കു ആർജിക്കേണ്ട നൈപുണ്യം സൂചിപ്പിച്ചു കൊണ്ട്കത്തയക്കാം. വെള്ളകടലാസ്സിൽ തയ്യാറാക്കിയ അപേക്ഷയിൽ മേൽവിലാസം, ഫോൺ നമ്പർ, തങ്ങൾക്ക്താല്പര്യവും സൗകര്യവുമുള്ള കാർഷിക/ഫിഷറീസ്/അനുബന്ധ മേഖലകളുടെ വിവരം എന്നിവ നൽകണം. ആധാർനമ്പർ, ആധാർകോപ്പി, റേഷൻകാർഡിന്റെ കോപ്പി എന്നിവ കവറിൽ അടക്കം ചെയ്യണം. ആദ്യം ലഭിക്കുന്ന അപേക്ഷകൾക്ക് മുൻഗണന ലഭിക്കും. ബാക്കിയുള്ളവ അടുത്ത വർഷങ്ങളിൽ പരിഗണിക്കും. കവറിന് പുറത്തു "പട്ടികജാതി ഉപ പദ്ധതി" എന്ന് രേഖപ്പെടുത്തേണ്ടതാണ്.